(ബി) തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ പഞ്ചായത്തും പാലക്കാട് ജില്ലയിലെ പെരുവെമ്പ്, കരിമ്പ പഞ്ചായത്തുകളുമാണ് വയോജന സൗഹൃദ പഞ്ചായത്തുകൾ എന്ന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) ആരോഗ്യ-സാമൂഹ്യ-സാമ്പത്തിക-വൈകാരിക പ്രശ്നങ്ങളെ വിലയിരുത്തി പരിഹാര നടപടികൾ സ്വീകരിക്കുക, പൊതു സമൂഹത്തിന് വയോജന പരിരക്ഷയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, പൊതു സംവിധാനങ്ങൾ വയോസൗഹൃദമാക്കുക, മുതിർന്ന പൗരൻമാർക്ക് പദ്ധതികൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് പ്രധാനമായും പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

വൃദ്ധജനങ്ങളുടെ പുനരധിവാസം

214 (3054) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ മൂടാടി പഞ്ചായത്തിൽ വൃദ്ധ ജനങ്ങളുടെ പുനരധിവാസത്തിനായി ഒരു സാമൂഹ്യ കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച് നൽകിയ 1478/വി.ഐ.പി./എം.(പി. ആൻറ് എസ്.ഡബ്ലൂ.) നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കാമോ;

(ബി) ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കാമോ;

(സി) ഈ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ് നടപടി പൂർത്തിയാകാതെ സൂക്ഷിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഫയലിൽ തീരുമാനമാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിൽ മൂടാടി പഞ്ചായത്തിൽ വൃദ്ധജനങ്ങളുടെ പുനരധിവാസത്തിനായി ഒരു സാമൂഹ്യകേന്ദ്രം ആരംഭിക്കുന്നതിനായി ലഭിച്ച നിവേദനം തുടർനടപടികൾ സ്വീകരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് കൈമാറുകയും ഡയറ്കടർ അത് ലാന്റ് ട്രാൻസ്ഫർ നടപടി സ്വീകരിക്കുന്നതിനായി കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകുകയും ചെയ്തു. ടി ഓഫീസർ സ്ഥലം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ലാന്റ് ട്രാൻസ്ഫർ നടപടികൾ സ്വീകരിക്കുന്നതിന് കോഴിക്കോട് ജില്ലാ സാമൂഹ്യ നീതി ഓഫീസറോട് നിർദ്ദേശിച്ചിരുന്നു. അതിൻ പ്രകാരം കോഴിക്കോട് ജില്ലാ സാമൂഹ്യ നീതി ഓഫീസർ സ്ഥലം വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനായുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് നൽകുന്നതിനായി സ്ഥലത്തിന്റെ സ്കെച്ചും പ്ലാനും ലഭ്യമാക്കുവാൻ വില്ലേജ് ഓഫീസർക്ക് അപേക്ഷിച്ചപ്പോൾ ടി സ്ഥലം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് അറിയിക്കുകയും പ്രസ്തുത വിവരം ജില്ലാ സാമൂഹ്യനീതി ഓഫീസർ ഡയറക്ടറെ അറിയിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) സാമൂഹികനീതി വകുപ്പിൽ പരിശോധിച്ച് വന്നിരുന്ന 16765/സി2/2012/സാനീവ എന്ന ഫയൽ ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച കാര്യത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിനായി 16-12-2015-ൽ നൽകിയിരിക്കുകയാണ്.

വൃക്ക രോഗികൾക്ക് പെൻഷൻ

215 (3055) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്കരോഗം ബാധിച്ച് ഡയാലിസിസ് ചികിത്സ നടത്തി വരുന്ന രോഗികൾക്ക് പെൻഷൻ നൽകുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പെൻഷൻ ലഭിയ്ക്കുന്നതിനുള്ള അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടത് ; പ്രസ്തുത അപേക്ഷാ ഫാറത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പെൻഷൻ ലഭിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഡയാലിസിസ് ചികിത്സ വളരെ ചെലവേറിയതിനാൽ സർവ്വീസ് പെൻഷൻ ലഭിക്കുന്നവർക്കും പ്രസ്തുത ക്ഷേമ പെൻഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ധനസഹായം നൽകുന്നുണ്ട്. ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസം 1,100 രൂപ ധനസാഹയം അനുവദിച്ച് വരുന്നു.

(ബി) നിശ്ചിത അപേക്ഷ ഫാറം പൂരിപ്പിച്ച് ആവശ്യമായ രേഖകൾ ഉൾപ്പെടെ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ആഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയിൻമേൽ ശിശുവികസന പദ്ധതി ആഫീസർ അന്വേഷണം നടത്തി ശിപാർശ ചെയ്ത് അപേക്ഷ സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകണം. അപേക്ഷാ ഫാറത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(സി & ഡി) ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന രോഗികൾക്കാണ് ധനസഹായം അനുവദിക്കുന്നത്. 27-4-2012-ലെ സ.ഉ. (കൈ.) 112/2012/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം ഡയാലിസിസിന് വിധേയരാകുന്നവരുള്ള കുടുംബങ്ങളെ ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ ഉത്തരവായിട്ടുണ്ട്. ആയതിനാൽ നിലവിൽ സർവ്വീസ് പെൻഷൻ ലഭിക്കുന്ന എ.പി.എൽ. വിഭാഗക്കാരെ ബി.പി.എൽ. കുടുംബങ്ങളിൽ ഉൾപ്പെടുത്തുന്നപക്ഷം അവർക്കും ഈ പദ്ധതി ധനസഹായം അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly